പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ. 561

27-03-2018 ൽ മറുപടിക്ക്

**കൃഷി ഭവനകളെ കാർഷിക സേവന കേന്ദ്രങ്ങളാക്കി മാറ്റാൻ നടപടി**

ചോദ്യം

**ശ്രീ.ഇ.പി.ജയരാജൻ**
**ശ്രീമതി.പി. അയിഷാ പോറ്റി**
**ശ്രീ.ആന്റണി ജോൺ**
**ശ്രീ.കെ. ബാബു**

മറുപടി

ശ്രീ.വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| (എ) കൃഷി ശാസ്ത്രീയമാക്കി ലാഭകരമാക്കുന്നതിലേക്കായി വിജ്ഞാന വ്യാപനത്തിനും യന്ത്രവൽക്കരണം, വായ്പാ ലഭ്യത, മണ്ണുപരിശോധന മുതലായവ സംബന്ധിച്ച ഉപദേശങ്ങൾ നൽകാനും ഉദ്ദേശിച്ചുകൊണ്ട് ബ്ലോക്ക് തലത്തിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന കാർഷിക സേവന കേന്ദ്രങ്ങൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഇവ നിലവിൽ നൽകി വരുന്ന സേവനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) കാർഷിക സേവന കേന്ദ്രങ്ങൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കാർഷികമേഖല നേരിടുന്ന കർഷകത്തൊഴിലാളി ക്ഷാമത്തിന് പരിഹാരം കണ്ടെത്തുക, കാർഷിക മേഖലയിൽ യന്ത്രോപകരണങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കുക, വിവിധ കാർഷിക പ്രവർത്തനങ്ങളും സേവനങ്ങളും മിതമായ നിരക്കിൽ കർഷകർക്ക് ലഭ്യമാക്കുക, കർഷകത്തൊഴിലാളികളുടെ ക്ഷാമം മൂലം തരിശായി കിടക്കുന്ന കൃഷിയിടങ്ങൾ കൃഷിയോഗ്യമാക്കുന്നതിനാവശ്യമായ യന്ത്രങ്ങളുടെയും തൊഴിലാളികളുടെയും സേവനം ഉറപ്പുവരുത്തുക, തുടങ്ങിയ സേവനങ്ങളാണ് കാർഷിക സേവന കേന്ദ്രങ്ങൾ മുഖേന നൽകിവരുന്നത്. ഇതുകൂടാതെ ട്രാക്ടർ, പവർടില്ലർ, വീഡ്കട്ടർ, സ്പ്രെയർ, പമ്പ് സെറ്റ് തുടങ്ങിയ യന്ത്രങ്ങളുപയോഗിച്ചുള്ള ജോലികളും കർഷകത്തൊഴിലാളികളുടെ സേവനവും ഈ കേന്ദ്രങ്ങൾ മുഖേന നൽകിവരുന്നു. |
| (ബി) സംസ്ഥാനത്ത് നിലവിൽ എല്ലാ പഞ്ചായത്തുകളിലുമുള്ള കൃഷി ഭവനുകളുടെ പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോ; വിശദാംശം നൽകാമോ; | (ബി) ഉണ്ട്. ഓരോ ബ്ലോക്കിലേയും കൃഷി അസിസ്റ്റൻറ് ഡയറക്ടർമാർ മാസത്തിൽ രണ്ടു പ്രാവശ്യം അവരുടെ പരിധിയിൽ വരുന്ന കൃഷി ഓഫീസർമാർ, കൃഷി അസിസ്റ്റൻറുമാർ എന്നിവരുടെ മീറ്റിംഗ് നടത്തുകയും കൃഷിഭവനുകൾ മുഖേന നടപ്പിലാക്കുന്ന പ്രവർത്തനം അവലോകനം നടത്തുകയും ചെയ്യുന്നു. അതിന്റെ അടിസ്ഥാനത്തിൽ എല്ലാ മാസവും 6-ാം തീയതിക്കു മുമ്പായി പ്രിൻസിപ്പൽ കൃഷി ആഫീസർ ബ്ലോക്കുതല കൃഷി അസിസ്റ്റൻറ് ഡയറക്ടർമാരുടെ മീറ്റിംഗ് വിളിച്ച് കൂട്ടി പദ്ധതി അവലോകനം നടത്തുന്നുണ്ട്. കൂടാതെ മാസത്തിൽ ഒരിക്കൽ പ്രിൻസിപ്പൽ കൃഷി ഓഫീസർ, കൃഷി അസിസ്റ്റന്റ് ഡയറക്ടർമാരുടെയും, കൃഷി |

| | |
|---|---|
| | ഓഫീസർമാരുടെയും മീറ്റിംഗ് വിളിച്ചുകൂട്ടുകയും പദ്ധതി അവലോകനത്തിനു പുറമേ കൃഷിയിടങ്ങളിൽ കാണുന്ന കീടരോഗങ്ങൾ, മറ്റു കാർഷിക പ്രശ്നങ്ങൾ എന്നിവ കൃഷിഭവൻ തലത്തിൽ പരിഹരിക്കാൻ സാധിക്കാത്തവ പരിഹരിക്കുന്നതിനുള്ള നടപടിയും സ്വീകരിക്കുന്നുണ്ട്. പ്രിൻസിപ്പൽ കൃഷി ഓഫീസിലെ കൃഷി ഡെപ്യൂട്ടി ഡയറക്ടർമാരെ ആ ജില്ലയിലെ നിശ്ചിത ബ്ലോക്കുകളുടെ നോഡൽ ഓഫീസർ ആയി ചുമതലപ്പെടുത്തിയിട്ടുണ്ട്. ചുമതലപ്പെട്ട കൃഷി ഡെപ്യൂട്ടി ഡയറക്ടർമാർ കൃഷി ഭവനുകളും കൃഷി അസിസ്റ്റൻറ് ഡയറക്ടർ ഓഫീസുകളും സന്ദർശിച്ച് അവയുടെ പ്രവർത്തനം വിലയിരുത്താറുണ്ട്. |
| (സി) വിദൂരസ്ഥമായ കാർഷിക സേവന കേന്ദ്രങ്ങളുടെ പ്രയോജനം പരിമിതമായ കർഷകരിലേയ്ക്ക് മാത്രമേ എത്തുകയുള്ളൂ എന്നതിനാൽ കൃഷി ഭവനുകളെ കാർഷിക സേവന കേന്ദ്രങ്ങളാക്കി മാറ്റിത്തീർത്ത് പ്രവർത്തനം ശാക്തീകരിക്കാൻ സാധിക്കുമോ; വിശദാംശം നൽകാമോ ? | (സി) കൃഷിഭവനുകളിലൂടെ കാർഷിക കർമ്മസേനകൾ, പ്ലാന്റ് ഹെൽത്ത് ക്ലിനിക്, ഇക്കോഷോപ്പ് തുടങ്ങിയവ കൂടുതലായി ആരംഭിച്ച് കൃഷിഭവനുകളെ കാർഷിക സേവനകേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. കൃഷിഭവനുകൾ സ്ഥാപിച്ചതിന്റെ 30-ാം വാർഷികത്തിന്റെ ഭാഗമായി ഘട്ടംഘട്ടമായി സംസ്ഥാനത്തെ എല്ലാ കൃഷിഭവനുകളിലും അഗ്രോ ക്ലിനിക്കുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. അതോടൊപ്പം ഘട്ടംഘട്ടമായി എല്ലാ കൃഷിഭവനുകളെയും കർഷകർക്കാവശ്യമായ എല്ലാ സേവനങ്ങളും ലഭ്യമാക്കുന്നതിനുള്ള കേന്ദ്രങ്ങളായി വികസിപ്പിക്കുവാനും ലക്ഷ്യമിടുന്നു. ഇതിനുള്ള നടപടികൾ 2018-19 സാമ്പത്തിക വർഷത്തിൽ ആരംഭിക്കുന്നതിന് ലക്ഷ്യമിടുന്നുണ്ട്. |

സെക്ഷൻ ഓഫീസർ